# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്തിന്റെ 2007-08 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-12 പ്രകാരം തടസ്സപ്പെടുത്തിയ 2,80,000/-രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 2921 /16/തസ്വഭവ. തിരുവനന്തപുരം, തീയതി: 21/10/16

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 04/07/2016-ലെ എം3-17711/16 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-12 പ്രകാരം, പശ്ചിമഘട്ട വികസന മാർഗ്ഗരേഖ അനുസരിച്ച് മണ്ണ് ജലസംരക്ഷണ പ്രവർത്തികൾക്കായി മഴക്കുഴി നിർമ്മാണത്തിനു പകരം തെങ്ങിന് തടം തുറക്കുന്നതിനായി അനുവദിച്ച നൽകിയ 2,80,000/-(രണ്ടു ലക്ഷത്തി എൺപതിനായിരം രൂപാ മാത്രം) രൂപാ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 21/01/2015-ലെ 11(9)-ാം നമ്പർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം , ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരിക്കുന്ന തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഖണ്ഡിക 3-12 പ്രകാരം ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന വിധത്തിൽ തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മഴക്കുഴികൾക്ക് പകരമായി തെങ്ങിന് ചുറ്റും തടമെടുത്തത് മഴവെള്ളം ഭൂമിയിൽ താഴുന്നതിന് സഹായകരമായെന്നും, ഇതുവഴി പ്രദേശത്തെ കർഷകർക്ക് തെങ്ങിൽ നിന്നും മറ്റ് ഇടവിള കൃഷികളിൽ നിന്നും കൂടുതൽ ആദായം ലഭ്യമായിട്ടുണ്ടെന്നും പഞ്ചായത്ത് ഭരണസമിതി അറിയിച്ചിട്ടുണ്ട്. തെങ്ങിന് തടം കോരുക വഴി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കൊപ്പം ഭൂമിയിലെ വളം ഒഴുകിപ്പോകാതെ

നിലനിർത്തുന്നതിനും ഇതുവഴി ജൈവസമ്പത്തും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനും സാധിച്ചുവെന്ന വസ്തുത പരിഗണിച്ച് കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2007- 08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-12 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 2,80,000/-(രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി

അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻഓഫീസർ